# മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# അന്ത്യകാലത്തിനുള്ള ഒരുക്കം

## നോർമൻ ഗള്ളി

രണ്ടാം ത്രൈമാസം

(ഏപ്രിൽ, മെയ്, ജൂൺ)

2018

വിവർത്തനം: സി. ജെ. ആന്റണി.

## ഉള്ളടക്കം

1. പ്രാപഞ്ചിക വിവാദം (മാർച്ച് 31 - ഏപ്രിൽ 6) ........ 5.

2. ദാനീയേലും അന്ത്യകാലവും (ഏപ്രിൽ 7 - 13) ........ 14.

3. യേശുക്രിസ്തുവും വെളിപ്പാടു പുസ്തകവും (ഏപ്രിൽ 14 - 20) ........ 22.

4. രക്ഷകളും അന്ത്യകാലവും (ഏപ്രിൽ 21 - 27) ........ 30.

5. സ്വർഗ്ഗീയ കൂടാരത്തിലെ ക്രിസ്തു (ഏപ്രിൽ 28 - മെയ് 4) ........ 39.

6. നിയമത്തിന്റെ 'മാറ്റം' (മെയ് 5 - 11) ........ 47.

7. മത്തായി 24-ും 25-ും (മെയ് 12 - 18) ........ 56.

8. സൃഷ്ടാവിനെ ആരാധിക്കുക (മെയ് 19 - 25) ........ 64.

9. അന്ത്യകാല വഞ്ചനകൾ (മെയ് 26 - ജൂൺ 1) ........ 72.

10. അമേരിക്കയും ബാബിലോണും (ജൂൺ 2 - 8) ........ 81.

11. ദൈവത്തിന്റെ മുദ്രയോ മൃഗത്തിന്റെ അടയാളമോ? (ജൂൺ 9 - 15) ........ 90.

12. ബാബിലോണും ഹർമ്മഗെദ്ദോനും (ജൂൺ 16 - 22) ........ 98.

13. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങി വരവ് (ജൂൺ 23-29) ........ 106.

## യേശുക്രിസ്തുവും അന്ത്യകാലവും

മനുഷ്യരൂപത്തിലെ ഭൗമയാത്രയുടെ അന്ത്യയാമങ്ങളിൽ യേശു ശിഷ്യരോട് ആശ്വാസ വചനങ്ങൾ മൊഴിഞ്ഞു:

“നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ സ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ട തിനു പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു’’ (യോഹന്നാൻ14:1-4).

പറഞ്ഞതിന്റെ പൊരുളോ വാഗ്ദത്തം എന്ന് നിറവേറുമെന്നോ പൂർണ്ണമായി മനസ്സിലായില്ല. എങ്കിലും, ആ വാക്കുകൾ അവരെ ആശ്വസി പ്പിച്ചു. പിതാവിന്റെ ഭവനത്തിൽ ഒരു മുറി? യേശു തന്നെ അവർക്കു വേണ്ടി ഒരുക്കുന്ന ഒരിടം? തീർച്ചയായും ഭൂമിയിൽ എവിടെയായിരിക്കുന്നതി നേക്കാളും മികച്ച ഒരിടമായിരിക്കും അതെന്ന് അവർക്കറിയാമായിരുന്നു.

വീണ്ടും വരവിനു മുന്നോടിയായി എന്തെല്ലാം സംഭവിക്കുമെന്നതിന്റെ ലഘുചിത്രം അൽപം മുമ്പ് ശിഷ്യന്മാർക്കൊപ്പം ഇരുന്നപ്പോൾ യേശു നൽകി. ഒരു തരത്തിൽ പറഞ്ഞാൽ അത് “ഭാവിയുടെ ചരിത്രം” ആയി രുന്നു. ഒട്ടും മനഃസന്തോഷം നൽകാത്തത്. യുദ്ധങ്ങൾ, യുദ്ധശ്രുതികൾ, രാജ്യം രാജ്യത്തിനെതിരെ, ക്ഷാമം, ഭൂകമ്പം ഇവയൊക്കെയായിരുന്നു യേശു പറഞ്ഞത്. അവയോ “പ്രലാപങ്ങളുടെ തുടക്കം” മാത്രവും. പീഡനം, ഒറ്റ്, വഞ്ചന, പരീക്ഷകൾ ഇവയൊക്കെ അങ്ങേയറ്റത്ത് വരുവാൻ ഇരിക്കുന്നതേയുള്ളു.

ചരിത്രഗതിയിൽ ഇന്നത്തെ അനുകൂലാവസ്ഥയിൽ, യേശു പ്രവചിച്ച തെല്ലാം നിവർത്തിച്ചു. സമയത്തെക്കുറിച്ചുള്ള രണ്ട് മഹാ പ്രവചനങ്ങൾ നിറവേറി. ആദ്യത്തേത്, ക്രിസ്തുവർഷം ആറാം നൂറ്റാണ്ടിൽ (എഡി 538) ആരംഭിച്ച് പതിനെട്ടാം നൂറ്റാണ്ടിൽ അവസാനിച്ച (എഡി 1798) “കാലവും കാലങ്ങളും കാലാംശവും” എന്ന ദാനീയേൽ 7:25 ൽ കാണുന്ന പ്രവ ചനം. (വെളി. 12:6, 14; 13:5; സംഖ്യ 14:34 എന്നിവയും കാണുക). രണ്ടാ മത്തേത് സമയത്തെക്കുറിച്ചുള്ള ഏറ്റവും ദൈർഘ്യമേറിയ, ദാനീയേൽ8:14ലെ 2300 സന്ധ്യയും ഉഷസും എന്ന പ്രവചനം, 1844-ലും പൂർത്തിയായി.

അങ്ങനെയെങ്കിൽ തീർച്ചയായും "അന്ത്യകാലഘട്ടത്തിൽ" (ദാനീ. 12:13) ആണ് നമ്മൾ ജീവിക്കുന്നത്. എന്നാൽ യേശുവിന്റെ രണ്ടാം വരവോടെയുള്ള ആ പരിസമാപ്തി എപ്പോൾ ആണെന്ന് മാത്രമറിയില്ല, അറിയേണ്ട ആവശ്യവും ഇല്ല. അത് സംഭവിക്കുമെന്നും, അപ്പോൾ ഒരുക്കമുള്ളവരായിരിക്കണമെന്നതും മാത്രമറിയുക.

എങ്ങനെ? ഒരുപക്ഷേ ഒരുത്തമ ഉത്തരം ഈ വാക്യത്തിൽ കണ്ടെത്താം: "ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതു പോലെ അവന്റെ കൂട്ടായ്മയിൽ നടക്കുവിൻ" (കൊലൊ. 2:6). അതായത്, ഇത്രധികം സംഭവങ്ങൾ ലോകത്തിൽ ഉണ്ടാകുമ്പോൾ, അനേകം തലക്കെട്ടുകളും സിദ്ധാന്തങ്ങളും അന്ത്യകാലഘട്ടത്തെക്കുറിച്ച് പുതുതായി കേൾക്കുമ്പോൾ യേശുവിന്റെ രണ്ടാം വരവോടനുബന്ധിച്ചവയിലേക്ക് ശ്രദ്ധ മാറും. എന്നാൽ ശ്രദ്ധ യേശുവിൽ മാത്രമായിരിക്കണം. അന്ത്യകാലത്തിനായി ഒരുങ്ങുന്നത് സംഭവങ്ങളെ നോക്കിക്കൊണ്ടല്ല, മൂലക്കല്ലായ ക്രിസ്തുവിനെ നോക്കിക്കൊണ്ടായിരിക്കണം.

ഈ ത്രൈമാസത്തിൽ പ്രാധാന്യം അന്ത്യകാലത്തിനാണ്. എന്നാൽ അതു മാത്രമല്ല. കേന്ദ്രബിന്ദു യേശുക്രിസ്തു തന്നെയാണ്. പക്ഷേ അന്ത്യകാല പശ്ചാത്തലം, ഒരുക്കം ഇവയിലും ഊന്നിയാണ് പാഠക്രമീകരണം. ചരിത്ര നാളുകൾ, ലോക സംഭവങ്ങൾ, അതെ, ചരിത്രത്തെ തന്നെ കാണേണ്ടതുണ്ട്. അന്ത്യകാലവുമായി ബന്ധപ്പെടുത്തി വേദപുസ്തകം ഇവയെക്കുറിച്ചൊക്കെ സംസാരിക്കുന്നു. എന്നിരുന്നാലും ബൈബിൾ യേശുക്രിസ്തുവിനെ കുറിച്ച് പറയുന്നു. അവൻ ആരാണ്, നമുക്കായി എന്തു ചെയ്തു, നമ്മളിൽ എന്ത് ചെയ്യുന്നു, മടങ്ങി വരവിൽ എന്തൊക്കെ ചെയ്യും എന്നിങ്ങനെ. ക്രിസ്തുവും ക്രൂശും മാത്രമായിരിക്കണം വിശ്വാസകേന്ദ്രം. അല്ലെങ്കിൽ പൗലോസ് പറഞ്ഞതു പോലെ: "ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരി. 2:2). യേശുവിനെ എത്ര ശ്രദ്ധിക്കുന്നുവോ അത്രയധികം അവനെപ്പോലെ ആകും. യേശുവിനെ എത്ര അനുസരിക്കുന്നുവോ, സമീപ-വിദൂരഭാവികളിൽ വരുവാനുള്ളതൊക്കെ നേരിടാൻ അത്രമേൽ തയ്യാറെടുപ്പുള്ളവരാകും. ഒടുവിൽ, തന്നെ സ്നേഹിക്കുന്നവർക്ക് യേശു ഒരുക്കുന്ന "ഇടത്തിൽ" പ്രവേശിക്കുമ്പോഴും നമ്മൾ ഒരുക്കമുള്ളവരായിരിക്കും.

*നോർമൻ ആർ. ഗള്ളി, പിഎച്ച്ഡി, സതേൺ അഡ്വന്റിസ്റ്റ് സർവ്വകലാശാലയിലെ സിസ്റ്റമാറ്റിക് തിയോളജി റിസർച്ച് പ്രഫസറാണ്.*

****